## വിരമിച്ച തൊഴിലാളികൾക്ക് ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സമില്ല

### മദ്രാസ് ഹൈക്കോടതി

C.M.A. No. 2758/2019 Dt. 10.12.2019

കരൂർ വൈശ്യ ബേങ്ക് റിട്ടയറീസ്
അസോസ്സിയേഷൻ
x
ഡെപ്യൂട്ടി കമ്മീഷണർ ഓഫ് ലേബർ

ബേങ്കിൽ നിന്ന് വിരമിച്ച ജീവനക്കാർ സംഘടന രൂപീകരിക്കുകയും ട്രേഡ് യൂണിയൻ നിയമ പ്രകാരം രജിസ്ട്രേഷൻ നടത്തിത്തരണമെന്ന് ട്രേഡ് യൂണിയൻ രജിസ്ട്രാറോട് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തു. ജോലിയിലുള്ള തൊഴിലാളികൾ വിരമിച്ച തൊഴിലാളികളുടെ ആവശ്യങ്ങൾ നേടിയെക്കുന്നതിന് യാതൊരു സഹായവും ചെയ്യാത്തതിനാലും തൊഴിൽ പ്രശ്ന ങ്ങൾ പരിഹരിച്ചുകിട്ടാൻ സിവിൽ കോടതിയെ അഭയം പ്രാപിക്കാൻ വിരമിച്ച വ്യക്തികൾക്കോ അവരുടെ സംഘടനകൾക്കോ സാധിക്കാത്തതിനാലുമാണ് പ്രസ്തുത തൊഴിലാളികൾ ട്രേഡ് യുണിയൻ രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചത്. എന്നാൽ അവരുടെ അപേക്ഷ ട്രേഡ് യൂണിയൻ രജിസ്ട്രാർ തിരസ്കരിച്ചു. നിലവിൽ ജോലി ചെയ്യുന്നവർക്ക് മാത്രമേ ട്രേഡ് യൂണിയൻ രൂപീ കരിക്കാൻ അനുവാദമുള്ളൂ എന്ന കാരണം കാണിച്ചാണ് ട്രേഡ് യൂണിയൻ രജിസ്ട്രാർ വിര മിച്ച തൊഴിലാളികളുടെ അപേക്ഷ തള്ളിക്കളഞ്ഞത്. ഇതിനെതിരെ വിരമിച്ച തൊഴിലാളികൾ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. തങ്ങൾ യഥാർത്ഥത്തിൽ തൊഴിൽ ചെയ്തവരാ ണെന്നും വിരമിച്ചവർക്ക് ട്രേഡ് യൂണിയൻ പാടില്ലെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്നും അപ്പീൽ ഹർജിക്കാർ വാദിച്ചു. നിലവിൽ ജോലി ചെയ്യുന്നവരുടെ ട്രേഡ് യൂണിയൻ തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നില്ലെന്നും ഇരു കൂട്ടരുടെയും താൽപര്യങ്ങൾ വ്യത്യ സ്തമാണെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടി. വിരമിച്ച തൊഴിലാളികളെ ട്രേഡ് യൂണിയൻ രൂപീ കരിക്കുന്നതിൽ നിന്ന് വിലക്കുന്നത് തുല്യതയ്ക്കുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ഹർജിക്കാർ ആരോപിച്ചു. വിരമിച്ചവരും തൊഴിലുടമയും തമ്മിൽ തൊഴിൽ ബന്ധം നിലനി ല്ക്കാത്തതിനാൽ വിരമിച്ചവർക്ക് ട്രേഡ് യൂണിയൻ രൂപീകരിക്കാൻ നിയമം അനുവദിക്കുന്നി ല്ലെന്ന് ട്രേഡ് യൂണിയൻ രജിസ്ട്രാർ ഹൈക്കോടതിയിൽ ബോധിപ്പിച്ചു. യഥാർത്ഥത്തിൽ ജോലി ചെയ്ത തൊഴിലാളികൾ വിരമിച്ചാലും അവർക്ക് ട്രേഡ് യൂണിയൻ രൂപീകരിക്കാൻ അവകാശ മുണ്ടെന്ന് ഹൈക്കോടതി വിലയിരുത്തി. വിരമിച്ചവർ, വിരമിക്കാത്തവർ എന്നിങ്ങനെ വിവേ ചനം കാണിക്കാനാവില്ലെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി വിരമിച്ചവർക്ക് അവരുടെ അവകാ ശങ്ങൾക്കുവേണ്ടി വാദിക്കാൻ ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് ഓർമ്മിപ്പിച്ചു. ട്രേഡ് യൂണിയൻ രജിസ്ട്രാറുടെ ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി വിരമിച്ച തൊഴിലാളികളുടെ അപ്പീൽ അനുവദിക്കുകയും അവരുടെ അപേക്ഷ വീണ്ടും പരിഗണിച്ച് നിയ മാനുസൃത ഉത്തരവ് പുറപ്പെടുവിക്കാൻ ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് നിർദ്ദേശം നല്കു കയും ചെയ്തു.